**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1(എ), 3.1(ബി), 3(2) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.1116/16/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 04/03/2016**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3 13001/15 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16/11/2015-ലെ നം. എൽ.എഫ്. 7574/പി.റ്റി2/2015 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1(എ) പ്രകാരം വികലാംഗർക്ക് ബങ്ക് വാങ്ങി നൽകൽ പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികമായി ചെലവഴിച്ച 22,600/-രൂപ ഖണ്ഡിക 3.1(ബി) പ്രകാരം വികലാംഗർക്ക് ബങ്ക് എന്ന പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ബങ്ക് വാങ്ങി നൽകിയ ഇനത്തിൽ സബ്സിഡി മാനദണ്ഡങ്ങൾ അധികരിച്ച് ചെലവഴിച്ച 17,600/-രൂപ, ഖണ്ഡിക 3.2-ൽ കരകൗശല പരിശീലനം എസ്.ജി ആർ.വൈ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയത് കാരണം തടസ്സപ്പെടുത്തിയ 59,600/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും പ്രസ്തുത തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1(എ) പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികമായി ചെലവഴിച്ച 22,600/-(ഇരുപത്തിരണ്ടായിരത്തി അറുനൂറ് രൂപ മാത്രം) രൂപ 3.1(ബി) പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ അധികരിച്ച് ചെലവഴിച്ച 17,600/-(പതിനേഴായിരത്തി അറുനൂറ് രൂപ മാത്രം) രൂപ ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 59,600/-

(അമ്പത്തിയൊമ്പതിനായിരത്തി അറന്നൂറ് രൂപ മാത്രം) രൂപ എന്നീ തടസ്സങ്ങൾക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ പഴനിയമ്മ,

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി, തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകരത്തോടെ,

സെക്ഷൻ ഓഫീസർ